**പതിമൂന്നാം കേരളനിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3091 | 13.07.2015 ന് മറുപടിയ്ക്ക്.

**ഇക്കോ കേഡറ്റ് കോർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പ് ഇക്കോ കേഡറ്റ് കോർ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത് ; വിശദമാക്കാമോ ; | (ബി) പ്രകൃതി സംരക്ഷണത്തിന് ഭാവിതലമുറയെ (സ്കൂൾ വിദ്യാർത്ഥികൾ) സജ്ജമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികളെ ഉത്തരവാദപ്പെട്ട പ്രകൃതി പരിപാലകരാകാൻ പ്രാപ്തരാക്കുക, പ്രകൃതിയെ തിരിച്ചറിയുന്നതിനും, പ്രകൃതിയോട് ഇഷ്ടം തോന്നുന്നതിനും, ബഹുമാനിക്കുന്നതിനും, ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും, ആവാസവ്യവസ്ഥകൾ നിലനിർത്തുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം. |
| (സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; | (സി) വിദ്യാഭ്യാസ വകുപ്പിന്റേയും, പരിസ്ഥിതി സംഘടനകളുടേയും സഹകരണത്തോടെയാണ് വനം വകുപ്പ് ഇക്കോ കേഡറ്റ് കോർ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (ഡി) ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിലാണ് ടി പദ്ധതി പ്രാഥമികമായി നടപ്പിലാക്കുന്നത്. തെരഞ്ഞെടുത്ത ഓരോ ജില്ലയിലേയും 10 സ്കൂളുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓരോ സ്കൂളുകളിൽ നിന്നും 20 വിദ്യാർത്ഥികൾ എന്ന ക്രമത്തിൽ ഒരു ജില്ലയിൽ നിന്നും 200 വിദ്യാർത്ഥികളെ വീതം ഇപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ഇത്തരത്തിൽ 5 ജില്ലകളിലായി 50 സ്കൂളുകളിൽ നിന്നും ആകെ 1000 വിദ്യാർത്ഥികളെ ഇക്കോ കേഡറ്റ് കോർപ്സിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇക്കോ കേഡറ്റ് കോർപ്സുമായി ബന്ധപ്പെട്ടുള്ള മറ്റ് നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ